**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി അഞ്ജു കെ.പണിക്കർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ)നം.974/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.05.2019

---

പരാമർശം:- 1. 23.11.2009 ലെ 5624/Adv.C3/2007/P&ARD നമ്പർ സർക്കുലർ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.02.2019 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3. ശ്രീമതി അഞ്ജു കെ.പണിക്കരുടെ 05.03.2019 ലെ അപേക്ഷ.

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.03.2019 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.03.2019 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി.എഞ്ചിനീയറായി തിരഞ്ഞെടുക്കപ്പെട്ടുകയും, തുടർന്ന് പരാമർശം 2 പ്രകാരം ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെട്ടുകയും ചെയ്ത ശ്രീമതി അഞ്ജു കെ. പണിക്കർ, ടിയാൾ ഇപ്പോൾ 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ്' - ൽ സിവിൽ എൻജിനീയറിംഗിൽ പി.എച്ച്.ഡി. ചെയ്തു വരികയാണ് എന്നതിനാൽ സർവീസിൽ പ്രവേശിക്കുന്നതിന് 31.03.2020 വരെ സമയം നീട്ടി നൽകണമെന്ന് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് പരാമർശം 4 പ്രകാരം 08.04.2019 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 31.03.2020 വരെ നീട്ടുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കു ഇളവുനൽകികൊണ്ട് ശ്രീമതി അഞ്ജു കെ.പണിക്കരുടേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് 31.03.2020 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ 01.04.2020 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാളുടെ സീനിയോറിറ്റി KS&SSR ഭാഗം.II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി അഞ്ജു കെ.പണിക്കർ, മാളിയേക്കൽ പണിക്കർ വിഹാർ, പുലമൺ പി.ഒ., കൊട്ടാരക്കര, കൊല്ലം - 691 531 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.